# ജീവിതമെന്ന അത്ഭുതം

ഡോ. വി.പി. ഗംഗാധരന്റെ അനുഭവങ്ങൾ


കെ.എസ്. അനിയൻ




ഡോ. വി.പി. ഗംഗാധരൻ

ഒരു കാൻസർ ചികിത്സാവിദഗ്ദ്ധന്റെ അനുഭവങ്ങൾ ഒരു കഥാകാരൻ പകർത്തുക. തീർത്തും അപൂർവ്വമായ കൂട്ടുകെട്ടിലൂടെ വാർന്നുവീണ ഒരു അസാധാരണ കൃതി. നിസ്സംഗനായ ഒരു കാഴ്ചക്കാരൻ മാത്രമായി മാറിനിൽക്കാത്ത ഡോക്ടർ കൊടുംവേദനയുടെ ഒരു ജന്മംതന്നെയാണ് രോഗികളുമൊത്തു ജീവിച്ചുതീർക്കുന്നത്. നന്മയും കാരുണ്യവും മറന്ന് സകലതും വെട്ടിപ്പിടിക്കാൻ വേഗത്തിൽ പായുന്ന സമൂഹത്തിന് ഒരു താക്കീതാണ് ഈ അനുഭവങ്ങൾ. ഇനിയും നിലച്ചിട്ടില്ലാത്ത നന്മയുടെ നീരൊഴുക്കിനെ ഒരു മഹാപ്രവാഹമാക്കിമാറ്റാനുള്ള ഒരു ഭിഷഗ്വരന്റെയും കഥാകൃത്തിന്റെയും യത്നമാണ് ഈ പുസ്തകം. പ്രശസ്ത കാൻസർ ചികിത്സകനായ ഡോ. വി.പി. ഗംഗാധരന്റെ തീവ്രാനുഭവങ്ങൾ പ്രശസ്ത കഥാകൃത്ത് കെ.എസ്. അനിയന്റെ മോഹിപ്പിക്കുന്ന ഭാഷയിലൂടെ.



കെ.എസ്. അനിയൻ


കവർ ഡിസൈൻ: ജി.വി. ശ്രീകുമാർ

ഡി സി ബുക്സ്

www.dcbooks.com

സ്മരണ

ISBN 81-264-0814-6

9 788126 408146 00024

E-book available

₹ 330


കെ.എസ്. അനിയൻ • ജീവിതമെന്ന അത്ഭുതം

DCB


# ജീവിതമെന്ന അത്ഭുതം

ഡോ. വി.പി. ഗംഗാധരന്റെ അനുഭവങ്ങൾ

കെ.എസ്. അനിയൻ


24-ാം പതിപ്പ്



DCB

College Of Avian Sciences & Management
LIBRARY
2430

College Of Avian Sciences & Management
LIBRARY
2430

COLLEGE OF AVIAN SCIENCES & MANAGEMENT
KVASU CAMPUS, THIRUVAZHAMKUNNU

Acc. No. 2430 Call No.........................

This book should be returned on or before the date last given below.

| | | |
|---|---|---|
| | | |

## ഡോ. വി.പി. ഗംഗാധരൻ

അന്താരാഷ്ട്രപ്രശസ്തനായ കാൻസർ ചികിത്സകൻ. ഇരിങ്ങാലക്കുട നാഷണൽ ഹൈസ്കൂൾ, ക്രൈസ്റ്റ് കോളജ്, എറണാകുളം മഹാരാജാസ് കോളജ്, കോട്ടയം മെഡിക്കൽ കോളജ്, ഓൾ ഇന്ത്യാ ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് മെഡിക്കൽ സയൻസസ്, അഡയാർ കാൻസർ ഇൻസ്റ്റിറ്റ്യൂട്ട് എന്നിവിടങ്ങളിൽ പഠിച്ചു. റേഡിയേഷൻ തെറാപ്പിയിലും ജനറൽ മെഡിസിനിലും എം.ഡി., മെഡിക്കൽ ഓങ്കോളജിയിൽ ഡി.എം., വാഷിങ്ടൺ ഡീസിയിലെ ജോർജ് ടൗൺ യൂനിവേഴ്സിറ്റിയിൽനിന്ന് നാഷണൽ കാൻസർ ഇൻസ്റ്റിറ്റ്യൂട്ട് ഫെല്ലോഷിപ്പ്, ലണ്ടനിലെ റോയൽ മാഴ്സ്ഡൺ ഹോസ്പിറ്റലിൽനിന്ന് ലോക ആരോഗ്യ സംഘടനയുടെ ഫെല്ലോഷിപ്പ്.

## കെ.എസ്. അനിയൻ

നോവലിസ്റ്റ്, ചെറുകഥാകൃത്ത്. *അതിരറുതി*, *കാൾ വൈശാഖി* (നോവൽ), *പാവക്കണ്ണുകൾ*, *കയ്യൊപ്പില്ലാത്തവർ* (കഥാസമാഹാരങ്ങൾ) എന്നിവ ഇതര കൃതികൾ. കാൻസർ, ഹൃദ്രോഗം തുടങ്ങിയ മാരകരോഗങ്ങളുടെ സാദ്ധ്യത നേരത്തേതന്നെ കണ്ടുപിടിക്കാനും പ്രാരംഭദശയിൽതന്നെ ചികിത്സ സാദ്ധ്യമാക്കാനുമുള്ള ഇന്ത്യയിലെതന്നെ ആദ്യത്തെ ചികിത്സാസ്ഥാപനമായ കൊച്ചിയിലെ എസ്.പി.എം. ക്ലിനിക്സിന്റെയും പ്രമുഖ സ്കാനിങ് ശൃംഖലയായ അമ്മ സ്കാൻസിന്റെയും കൊച്ചി ഇടപ്പള്ളിയിലെ ഇൻസ്റ്റാ സ്പെഷ്യാലിറ്റി ഹോസ്പിറ്റലിന്റെയും എക്സിക്യൂട്ടീവ് ഡയറക്ടർ.

ഡി സി ബുക്സ് പ്രസിദ്ധീകരിച്ച
ഓർമ്മ പുസ്തകങ്ങൾ പരിചയപ്പെടാൻ
ക്യു ആർ കോഡ് സ്കാൻ ചെയ്യൂ.

കെ.എസ്. അനിയൻ

# ജീവിതമെന്ന അത്ഭുതം

## ഡോ. വി.പി. ഗംഗാധരന്റെ അനുഭവങ്ങൾ

ഡി സി ബുക്സ്

MALAYALAM LANGUAGE
Jeevithamenna Athbhutham
Dr. V.P. Gangadharante Anubhavangal

LITERATURE/MEMOIR
*by* K.S. Aniyan

Rights Reserved

First Published June 2004
Revised edition May 2016
This edition - July 2022

PUBLISHERS
D C Books, Kottayam 686 001
Kerala State, India
Literature News Portal: www.dcbooks.com
Online Bookstore: www.dcbookstore.com
e-bookstore: ebooks.dcbooks.com
Customercare: customercare@dcbooks.com, 7290092216

DISTRIBUTORS
D C Books-Current Books
INDIA

D C BOOKS LIBRARY CATALOGUING IN PUBLICATION DATA
Aniyan K.S.
Jeevithamenna athbhutham: Dr. V.P. Gangadharante anubhavangal/K.S. Aniyan
288 p., 21 cm.
ISBN 81-264-0814-6.
1. Memoir I. Title. II. Gangadharan, V.P.
926.69-dc22.

No part of this publication may be reproduced, or transmitted in any form
or by any means, without prior written permission of the publisher.

ISBN 81-264-0814-6

Printed in India,
at D C Press, Kottayam, INDIA

D C BOOKS: THE FIRST INDIAN BOOK PUBLISHING HOUSE TO GET ISO CERTIFICATION

493/22-23-Sl.No. 23518-dcb 2851-(24) 1000-7940-07-22-hn 60-p as-r-d sm

## പ്രസാധകക്കുറിപ്പ്

മലയാളം വാരിക 'ജീവിതമെന്ന അത്ഭുതം' പ്രസിദ്ധീകരിച്ചുകൊണ്ടിരിക്കെ അതിൽനിന്നുയരുന്ന മിടിപ്പുകളും നിശ്വാസങ്ങളും മലയാളി വായനക്കാരെ രോഗത്തിന്റെ ലോകത്തിലെ സങ്കീർണ്ണബന്ധങ്ങളുടെ ആഴങ്ങളിലേക്ക് ആനയിക്കുകയുണ്ടായി. രോഗത്തിന്റെയും മരണത്തിന്റെയും നിത്യദുഃഖങ്ങളിൽനിന്ന് കാരുണ്യത്തിന്റെ ദർശനമോതിയ തഥാഗതന്റെ വഴി—ആതുരസേവനത്തിന്റെ ഒരു മഹാപാരമ്പര്യം വീണ്ടും ഇതിലൂടെ പുനരുദ്ധരിക്കുകയാണ്. പ്രതീക്ഷയുടെയും ശാന്തിയുടെയും ബോധിത്തളിരുകൾ നമുക്കു നീട്ടുന്ന ഈ കൃതി സാധ്യമാക്കിത്തന്നതിന് ഡോ. വി.പി. ഗംഗാധരനോടും കെ.എസ്. അനിയനോടും മലയാളം വാരികയുടെ പത്രാധിപരായ ജയചന്ദ്രൻ നായരോടുമുള്ള നന്ദിയും കടപ്പാടും രേഖപ്പെടുത്തിക്കൊണ്ട് ജന്മദുഃഖങ്ങളുടെ അശാന്തസാഗരങ്ങളിൽനിന്ന് കരകയറാൻ വായനക്കാർക്ക് ഈ കൃതി സഹായകമാകട്ടെ എന്ന് ആശംസിക്കുന്നു.

രവി ഡി സി

## മുൻകുറിപ്പ്

കാൻസർ രോഗത്താൽ തളർന്നുപോകുന്ന കുറേ മനസ്സുകളെ യെങ്കിലും സമാധാനത്തിന്റെ തീരങ്ങളിലെത്തിക്കാനുള്ള ഒരു കൊച്ചു സംരംഭമായിരുന്നു 'ജീവിതമെന്ന അത്ഭുതം'. അനിയന്റെ തൂലിക ഈ അനുഭവക്കുറിപ്പുകൾക്ക് ആത്മാവും ജീവനും നല്കി. അനിയൻ എനിക്കൊരു സുഹൃത്ത് മാത്രമല്ല, സഹോദരൻതന്നെ. ആ ആത്മബന്ധംകൊണ്ടാകാം എന്റെ മനസ്സിലേക്ക് കടന്നുകയ റാൻ അനിയന് അനായാസം സാധിച്ചത്.

കാൻസർരോഗിയായിരുന്ന ഒരു വായനക്കാരി എഴുതി: 'സത്യം പറഞ്ഞാൽ ഞാൻ ജീവിതത്തെ വീണ്ടും സ്നേഹിച്ചുതുടങ്ങിയത് ഈ പുസ്തകം വായിച്ചതിനുശേഷമാണ്. ജീവിതത്തിന്റെ പല മുഖങ്ങൾ. എന്താണ് ജീവിതമെന്ന് ഞാൻ ഈ പുസ്തകത്തി ലൂടെ മനസ്സിലാക്കുന്നു. നമ്മുടെയൊക്കെ ദുഃഖം ഒന്നുമല്ലെന്നും.'

മറ്റൊരു മനസ്സ് തുറന്നത് ഈ വാക്കുകളിലൂടെയാണ്: ''പൂജാ മുറിയിലാണ് ഞാൻ ഈ പുസ്തകം സൂക്ഷിച്ചിരിക്കുന്നത്. ഇതിലെ ഒരു പേജ് എങ്കിലും വായിക്കാതെ ഞാൻ ഒരു ദിവസവും ഉറങ്ങാ റില്ല.'' ഒരു ടീച്ചറായിരുന്ന മുത്തശ്ശിയുടെ പ്രതികരണം.

ഞങ്ങൾ കൃതാർത്ഥരാണ്. ലക്ഷക്കണക്കിന് വായനക്കാർ ഈ പുസ്തകം തുറന്ന മനസ്സോടെ സ്വീകരിച്ചു. ഇരുളിലാണ്ട കുറെ ജീവിതങ്ങളെ തൊട്ടറിയാനും അവരിൽ പ്രകാശത്തിന്റെ ഒരു കൊച്ചു കൈത്തിരി കത്തിക്കാനും സാധിച്ചതിൽ ഞങ്ങൾ ധന്യ രാണ്.

ഡോ. വി.പി. ഗംഗാധരൻ